(ഡി) പദ്ധതി പ്രകാരം താഴെ പറയുന്ന ക്ലസ്റ്ററുകളിൽ C.F.C സ്ഥാപിക്കുവാൻ അംഗീകാരം ലഭിച്ചിട്ടുണ്ട്.

1. റബ്ബർ ക്ളസ്റ്റർ, ചങ്ങനാശ്ശേരി
2. പ്ലാസ്റ്റിക് ക്ലസ്റ്റർ, ആലുവ
3. പ്ളൈവുഡ് ക്ലസ്റ്റർ, പെരുമ്പാവൂർ
4. ടെറാ ടൈൽ ക്ലസ്റ്റർ, തൃശൂർ
5. റൈസ് മില്ലേഴ്സ് ക്ലസ്റ്റർ, കാലടി
6. ഫർണിച്ചർ ക്ലസ്റ്റർ, എറണാകുളം
7. വുഡ് ക്ലസ്റ്റർ, മലപ്പുറം
8. നാച്ച്യുറൽ ഫൈബർ & അലൈഡ് പ്രൊഡക്ട്സ് ക്ലസ്റ്റർ, വൈക്കം
9. ഫുഡ് ക്ലസ്റ്റർ, പാല
10. ഓഫ്സെറ്റ് പ്രിന്റേഴ്സ് ക്ലസ്റ്റർ, എറണാകുളം
11. ഗാർമെന്റ്സ് ക്ലസ്റ്റർ, കൊല്ലം
12. വുഡ് ക്ലസ്റ്റർ, ചടയമംഗലം (Inprinciple approval)

മേൽപ്പറഞ്ഞവയിൽ 1 മുതൽ 4 വരെ പദ്ധതികൾ കമ്മീഷൻ ചെയ്യുകയും ബാക്കിയുള്ളവ പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്.

(ഇ) പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് വ്യവസായ വകുപ്പിൽ നിന്നും ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകി വരുന്നുണ്ട്.

പബ്ളിക് ഹെൽത്ത് ലബോറട്ടറികളെ ആധുനികവൽക്കരിക്കുന്നതിന് നടപടി

8 (*518) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് ഹെൽത്ത് ലബോറട്ടറികളെ ആധുനികവൽക്കരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വർഷം പബ്ലിക് ഹെൽത്ത് ലാബിലും റീജിയണൽ ലാബുകളിലും ഏതെല്ലാം ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) പരിശോധനാ ഫലങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) പരിശോധനാ ഫലങ്ങൾ ലഭിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) നിലവിലുള്ള റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകൾ ഏതെല്ലാമാണ് ;

(എഫ്) പുതുതായി റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ജി) സംസ്ഥാനത്ത് സ്വകാര്യ മേഖലയിലെ ലാബുകളിലെ ക്ലിനിക്കൽ പരിശോധനകൾക്കുള്ള ഫീസ് ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിൽ നിലവിലുള്ള കെട്ടിടത്തിൽ സെമിനാർ ഹാൾ ഉണ്ടാക്കി. അതിൽ ആവശ്യമായ ഫർണിച്ചർ, എയർക്കണ്ടീഷണർ മുതലായവ ലഭ്യമാക്കി. എറണാകുളത്തുള്ള റീജിയണൽ പബ്ലിക് ഹെൽത്ത് ലാബിൽ പത്തു ലക്ഷം രൂപ ചെലവാക്കി. ഡയഗ്നോസ്റ്റിക് സെക്ഷൻ, ബയോ കെമിസ്ട്രി സെക്ഷൻ, ഓഫീസ് എന്നിവ നവീകരിച്ചു. സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിലും റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും ലാമിനാർ ഫ്ളോ ക്യാബിനറ്റ്, ബോട്ടിൽ വാഷർ, വാട്ടർ കൂളറുകൾ, ഉയർന്ന കപ്പാസിറ്റിയുള്ള സെൻട്രിഫ്യൂജുകൾ, കമ്പ്യൂട്ടറുകൾ എന്നിവ ലഭ്യമാക്കി. എച്ച്-1 എൻ-1 ടെസ്റ്റിന് ആവശ്യമായ വൈറൽ ട്രാൻസ്പോർട്ട് മീഡിയം ഉണ്ടാക്കുന്നതിന് ആവശ്യമായ റീയേജന്റുകൾ ലഭ്യമാക്കുകയും വൈറൽ ട്രാൻസ്പോർട്ട് മീഡിയം ഉൽപ്പാദിപ്പിച്ച് എല്ലാ ജില്ല കളിലേയ്ക്കും വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. അസെറ്റ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കെട്ടിടങ്ങളുടെ റിപ്പയറും നവീകരണവും നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ ഏകദേശം ഒരുകോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഈ വർഷം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിലേയ്ക്കും എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ റീജിയണൽ ലാബുകളിലേക്കും വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിന് 70 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഓട്ടോ അനലൈസർ (ഹെമെറ്റോളജി, ബയോ കെമിസ്ട്രി), മൈക്രോസ്കോപ്പുകൾ, ഹൊറിസോണ്ടൽ ഓട്ടോക്ലേവുകൾ, ഓട്ടോമേറ്റഡ് സെമിലൂമിനന്റ് മെഷീനുകൾ, എലീസാ റീഡർ വിത്ത് വാഷർ, ഡിഫ്രീസറുകൾ, വെർട്ടിക്കൽ ഓട്ടോക്ലേവ് മുതലായവ വാങ്ങുന്നതിനുള്ള അനുമതി നല്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പരിശോധനാ ഫലങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനായി ഇന്റേണൽ ക്വാളിറ്റി കൺട്രോൾ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിൽത്തന്നെ നടത്തുന്നുണ്ട്. എക്സ്റ്റേണൽ ക്വാളിറ്റി കൺട്രോൾ വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജുമായി സഹകരിച്ച് നടത്തിവരുന്നു.

(ഡി) ഹോർമോൺ ടെസ്റ്റുകൾ ഒഴികെയുള്ള പരിശോധനാ ഫലങ്ങൾ അതാതു ദിവസം തന്നെ നൽകിവരുന്നു. തൈറോയ്ഡ് ഹോർമോൺ പരിശോധനാ ഫലം എത്രയും പെട്ടെന്ന് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) നിലവിൽ എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകൾ പ്രവർത്തിച്ചു വരുന്നു.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല; കണ്ണൂരിൽ ഈ വർഷമാണ് തുടങ്ങിയത്.

(ജി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, നഴ്സിംഗ്ഹോമുകൾ, ലാബുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയെ ഉദ്ദേശിച്ചുകൊണ്ട് ഒരു നിയമ നിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്ക് ബയോമെട്രിക് ഐഡന്റിറ്റി കാർഡ്

9 (*519) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. കെ. ബാബു :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്കും ബയോമെട്രിക് ഐഡന്റിറ്റി കാർഡ് നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇതിനായി കെൽട്രോണുമായി എന്തെങ്കിലും കരാർ ഒപ്പിട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഈ വർഷം ഇതിനായി സംസ്ഥാനത്തൊട്ടാകെ എത്ര ഐഡന്റിറ്റി കാർഡുകൾ വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) ഇതിനായി എന്തു തുക ചെലവിടേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഇ) ഇതുവരെ എത്ര പേർക്ക് ഇത്തരം കാർഡുകൾ നല്കാനായി ;

LIBRARY ARCHIVES Kerala Legislative Assembly